# കേരളസർവകലാശാല

നം.പി.ആർ.267 (a)/2023 തിരുവനന്തപുരം, തീയതി: 18/12/2023

## പത്രക്കുറിപ്പ്

### അന്താരാഷ്ട്ര അറബി ഭാഷാ ദിനം
### ദേശീയ സെമിനാർ ഇന്ന് ആരംഭിക്കും

അന്താരാഷ്ട്ര അറബിഭാഷാ ദിനത്തോടനുബന്ധിച്ച് കേരളസർവകലാശാല അറബി വിഭാഗം സംഘടിപ്പിക്കുന്ന ദ്വിദിന ദേശീയ സെമിനാറിന് കാര്യവട്ടം ക്യാമ്പസിൽ ഇന്ന് തുടക്കമാകും. ഇന്ത്യൻ അറബി സാഹിത്യത്തിലെ പ്രമുഖ എഴുത്തുകാരൻ മുഹമ്മദ് റാബിഅ ഹസൻ നദ്‌വി യുടെ രചനകളെ ആസ്പദമാക്കിയാണ് സെമിനാർ സംഘടിപ്പിച്ചിരിക്കുന്നത്. യു.എ.ഇ. കോൺസുലർ മുഹമ്മദ് മുസബഹ് അൽ ശാമിസി ഉദ്ഘാടനം ചെയ്യും. അറബി വകുപ്പിലെ പൂർവ്വ വിദ്യാർത്ഥികളുമായി സഹകരിച്ച് വകുപ്പ് നൽകുന്ന അസ്ഹരി തങ്ങൾ എക്സലൻസ് അവാർഡ് പ്രമുഖ എഴുത്തുകാരൻ കോടാമ്പുഴ ബാവ മുസ്ലിയാർക്ക് സർവകലാശാല രജിസ്ട്രാർ പ്രൊഫ.(ഡോ.) കെ.എസ്.അനിൽ കുമാർ കൈമാറും. അൽ റാഇദ് പത്രം ചീഫ് എഡിറ്റർ സയ്യിദ് ജാഫർ മസ്ഊദ് അൽ ഹസനി മുഖ്യ പ്രഭാഷണം നിർവഹിക്കും. സർവകലാശാല സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ.ഷിജുഖാൻ ജെ.എസ്., പ്രൊഫ.ഗോപ് ചന്ദ്രൻ കെ.ജി., മുൻ മേധാവികളായ ഡോ. എ. നിസാറുദ്ദീൻ, ഡോ. ഉബൈദ്, അബ്ദുൽ ശുകൂർ അൽ ഖാസിമി എന്നിവർ പങ്കെടുക്കും. സംസ്ഥാനത്തിനകത്ത് നിന്നും പുറത്ത് നിന്നുമായി നാൽപതോളം പ്രബന്ധങ്ങൾ അവതരിപ്പിക്കും.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:**For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* 9188526670, 9188526671, 9188526674, 9188526675
**Whats App No.** 8547330240